**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2680** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം പ്രഖ്യാപിക്കാനും ഒഴിപ്പിക്കാനും ഉള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് ഇല്ല എന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കേരളാ ഭൂ സംരക്ഷണ നിയമം 1957, പ്രകാരം ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത WP(c)33122/2014 & Ors കേസുകളിൽ 11.04.2018 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ തർക്ക ഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ജൂറിസ്ഡിക്ഷൻ സ്പെഷ്യൽ ഓഫീസർക്ക് ഇല്ലാ എന്നു നിരീക്ഷിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീലുകൾ ( SLP(c) 24028-24035 ) 17.09.2018 ൽ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി. |

സെക്ഷൻ ഓഫീസർ